MATHRUBHUMI 13-01-2016

## ഫിഷറീസ് കോ-ഓർഡിനേഷൻ കമ്മിറ്റി മാർച്ച്

# 'കടലിനെ വിദേശ ഭീമന്മാർക്ക് തീറെഴുതരുത്'

**കൊച്ചി:** മത്സ്യ സമ്പന്നമായ നമ്മുടെ കടലുകളെ വിദേശ ശക്തികൾക്ക് തീറെഴുതുന്ന കേന്ദ്ര സർക്കാരിന്റെ നടപടികളെ അംഗീകരിക്കാനാവില്ലെന്ന് ഹൈബി ഈഡൻ എം.എൽ.എ.

ഫിഷറീസ് കോ-ഓർഡിനേഷൻ കമ്മിറ്റി കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിനു മുന്നിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മീനാകുമാരി റിപ്പോർട്ടിനെതിരെ രാജ്യവ്യാപകമായി നടന്ന പ്രക്ഷോഭത്തിൽ മുൻപന്തിയിൽ നിന്ന സംസ്ഥാനമാണ് കേരളം. പ്രക്ഷോഭത്തെത്തുടർന്ന് മീനാകുമാരി റിപ്പോർട്ട് കേന്ദ്ര സർക്കാർ മരവിപ്പിച്ചെങ്കിലും വിദേശ കപ്പലുകൾക്ക് തുടർന്നും പ്രവർത്തനാനുമതി നൽകിയിരിക്കുകയാണ്.

ഈ ലക്ഷ്യത്തോടെയാണ് ഡോ. എസ്. അയ്യപ്പന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയും നിയോഗിച്ചിരിക്കുന്നത്. കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളിൽ കാതലായ മാറ്റം വരുത്തണം. സംസ്ഥാന ഫിഷറീസ് കോ-ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ വി. ദിനകരൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കൺവീനർ അഡ്വ. വി.വി. ശശീന്ദ്രൻ, ജില്ലാ കൺവീനർ ചാൾസ് ജോർജ്, പി.പി. ജോൺ, ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, കുമ്പളം രാജപ്പൻ, എം. ഫോം, അഡ്വ. കെ.കെ. രാധാകൃഷ്ണൻ, എം.എൻ. ശിവദാസൻ, കെ.ഒ. ആന്റണി, ജി.ബി. ഭട്ട്, കെ.സി. രാജീവ് തുടങ്ങിയവർ പങ്കെടുത്തു. 18 ന് കേന്ദ്ര ഫിഷറീസ് നയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ഏകദിന ശില്പശാലയും നടക്കും.